ഒൻപതാം ശമ്പള കമ്മീഷൻ നിർദ്ദേശങ്ങളിലെ അപാകതകൾ പരിഹരിക്കാൻ നടപടി

170 (184) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം ശമ്പള കമ്മീഷൻ നിർദ്ദേശങ്ങളിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

(ബി) അപാകതകൾ പരിഹരിച്ച് ശമ്പള കമ്മീഷൻ റിപ്പോർട്ട് എപ്പോൾ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശമ്പള കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് പരിശോധിച്ച് താമസംവിനാ നടപ്പാക്കുന്നതാണ്.

ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട്

171 (185) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളം പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി നിയോഗിക്കപ്പെട്ട 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോപ്പി ലഭ്യമാക്കുന്നു. ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിലും (www.finance.gov.kerala.in) ലഭ്യമാണ്.

9-ാം ശമ്പളകമ്മീഷനിൽ ഹയർസെക്കന്ററി അദ്ധ്യാപക (സീനിയർ)-രുടെ ശമ്പള സ്കെയിൽ

172 (186) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ശമ്പള കമ്മീഷൻ സമർപ്പിച്ച പരിഷ്ക്കരണ നിർദ്ദേശത്തിൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ (സീനിയർ) ശമ്പള സ്കെയിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എട്ടാം ശമ്പളകമ്മീഷൻ പ്രകാരം ഹയർസെക്കന്ററി അദ്ധ്യാപകരുടെ ശമ്പള സ്കെയിലിന് സമാനമായ സ്കെയിലുള്ള ശമ്പളം ലഭിച്ച തസ്തികകൾ ഏതൊക്കെയാണ് ; പ്രസ്തുത തസ്തികകൾക്കുള്ള അടിസ്ഥാന യോഗ്യത എന്താണെന്നും വെളിപ്പെടുത്തുമോ ;

(സി) ഹയർസെക്കന്ററി അദ്ധ്യാപകർക്കും, സമാന തസ്തികക്കാർക്കും 8-ാം ശമ്പളകമ്മീഷൻ ശുപാർശയിലും, ഒമ്പതാം ശമ്പള കമ്മീഷൻ ശുപാർശയിലും ഉള്ള ശമ്പളസ്കെയിൽ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) എട്ടാം ശമ്പളകമ്മീഷൻപ്രകാരം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, എ.ഇ.ഒ., കൃഷി ഓഫീസർ തുടങ്ങിയ തസ്തികകളിലുള്ളവർക്ക് അടിസ്ഥാന ശമ്പളത്തിൽ 9-ാം ശമ്പള കമ്മീഷൻ സമർപ്പിച്ച പരിഷ്കരണ നിർദ്ദേശത്തിലെ വർദ്ധനവ് ഹയർസെക്കന്ററി (സീനിയർ) അദ്ധ്യാപകർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി വകുപ്പിൽ ഹയർസെക്കന്ററി അദ്ധ്യാപകന്റെ (സീനിയർ) എന്നൊരു തസ്തിക നിലവിൽ ഇല്ല. ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ഹയർസെക്കന്ററി വകുപ്പിലെ തസ്തികകളും സ്കെയിലും ചുവടെകണ്ടാലും :

തസ്തിക	സ്കെയിൽ
എച്ച്.എസ്.എസ്.റ്റി. സെലക്ഷൻ ഗ്രേഡ്	21240-34500*
എച്ച്.എസ്.എസ്.റ്റി. ഹയർ ഗ്രേഡ്	20740-33680
എച്ച്.എസ്.എസ്.റ്റി	19240-32110
എച്ച്.എസ്.എസ്.റ്റി. ജൂനിയർ സെലക്ഷൻ ഗ്രേഡ്	20740-33680*
എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഹയർ ഗ്രേഡ്	19240-32110*
എച്ച്.എസ്.എസ്.റ്റി. ജൂനിയർ	16180-27140

* ഈ മൂന്ന് സ്കെയിലുകളും തിരുത്തൽവഴി റിപ്പോർട്ടിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(ബി) എട്ടാം ശമ്പള കമ്മീഷൻപ്രകാരം ഹയർസെക്കന്ററി അദ്ധ്യാപകരുടെ ശമ്പള സ്കെയിലിന് സമാന സ്കെയിലിൽ ശമ്പളം ലഭിച്ച തസ്തികകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ടി തസ്തികകളുടെ അടിസ്ഥാന യോഗ്യത ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ചു നല്കാവുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹയർസെക്കന്ററി അദ്ധ്യാപകർക്ക് സമാനതസ്തിക മറ്റൊന്നില്ല. ഇതേ ശമ്പള സ്കെയിലുള്ളവർക്ക് 9-ാം ശമ്പള കമ്മീഷൻ പ്രകാരം അനുവദിച്ച ശമ്പളസ്കെയിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നിലവിൽ ഹയർസെക്കന്ററി വകുപ്പിൽ ഹയർ സെക്കന്ററി (സീനിയർ) എന്നൊരു തസ്തിക നിലവിൽ ഇല്ല. ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നതിനാൽ ചോദ്യം ഇപ്പോൾ പ്രസക്തമല്ല.

നികുതിവകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിന് പ്രഖ്യാപിച്ച ഇൻസെന്റീവ് പദ്ധതി

173 (187) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നികുതിവകുപ്പിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി എന്തൊക്കെ ഇൻസെന്റീവ് പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം ഇൻസെന്റീവ് നൽകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നുവോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇൻസെന്റീവ് പദ്ധതിക്കായി എത്ര ലക്ഷം രൂപയുടെ അവാർഡുകളാണ് നികുതിവകുപ്പ് ജീവനക്കാർക്ക് നൽകിയത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ അവാർഡുകൾ വിതരണം നടത്താനായി എവിടെയാണ് സംസ്ഥാനതല പരിപാടി സംഘടിപ്പിച്ചിരുന്നത് ;

(എഫ്) ഇത്തരം പരിപാടി നടത്തുന്നതിനായി ഹോട്ടൽ വാടക ഇനത്തിലും മറ്റുമായി ആകെ എന്തുതുക ചെലവിട്ടു ;

(ജി) ഇതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഊർജ്ജിതനികുതി പിരിവ് പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പദ്ധതി ബഹു. ധനകാര്യമന്ത്രി 2009-10-ലെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 258 പ്രകാരം പ്രഖ്യാപിച്ചിരുന്നു. വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവാർഡുകൾ നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിനായി 5 കോടി രൂപ വകയിരുത്തിയിരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly